**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 6066 04/07/2019 ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **പ്രൊഫ. സി. രവീന്ദ്രനാഥ്** <br> **(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ സ്കൂളുകളിലെ അക്കാഡമിക്, അൺ അക്കാഡമിക് കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ തുടങ്ങിയ സ്കൂളുകളിലെ അക്കാഡമിക്, അൺ അക്കാഡമിക് കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. നിലവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഇതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അക്കാഡമിക്, അൺ അക്കാഡമിക് വിഷയങ്ങളിൽ പരാതി ലഭിക്കുന്ന സാഹചര്യത്തിലും ഇത്തരം പരിശോധനകൾ നടത്താറുണ്ട്. സെൻട്രൽ ബോർഡിന്റെ പരിഷ്കരിച്ച നോട്ടിഫിക്കേഷനിൽ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകളിലും മറ്റും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒപ്പ് വച്ച് നൽകേണ്ടതായിട്ടുണ്ട്. |
| (ബി) | ഇത്തരം സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളും പദ്ധതികളും നടപ്പിലാക്കാറുണ്ടോ; | (ബി) പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളും പദ്ധതികളും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിലും ഇത്തരം പരിപാടികൾ നടത്താറുണ്ട്. |
| (സി) | സി.ബി.എസ്.ഇ,ഐ.സി.എസ്.ഇ സ്കൂളുകളെകുറിച്ച് 2018 ജനുവരി മുതൽ നാളിതുവരെ ലഭിച്ച പരാതികൾ എത്ര; ഇതിൽ എത്ര പരാതികൾ ഡി.ഇ.ഒ/ഡി.ഡി (ഇ) പരിശോധനകൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) വിവരം ശേഖരിച്ച് നല്കുന്നതാണ്. |

(ഡി) പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ സർക്കാരും ഡി.പി.ഐ.യും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പരിശോധനയിൽ കണ്ടെത്തിയ വസ്തുതകളെ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറും സർക്കാരും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഇ) സംസ്ഥാനത്ത് സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിലെ അക്കാഡമിക്, അൺ അക്കാഡമിക്, ഭരണപരം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വകുപ്പിന് ലഭിച്ച പരാതികൾ എത്ര; ഏതെല്ലാം സ്കൂളുകളെകുറിച്ചാണ് പരാതികൾ ലഭിച്ചത്; ഇതിൽ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

എഫ്) സംസ്ഥാനത്ത് സിബി..എസ് ഇ/ ഐ.സി. എസ് ഇ/ ഇന്റർനാഷണൽ വിഭാഗത്തിൽ എത്ര സ്കൂളുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് ലഭ്യമാക്കുമോ; അംഗീകാരം ഇല്ലാത്ത എത്ര സ്കൂളുകൾ ഉണ്ട്; ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

(എഫ്) സംസ്ഥാനത്ത് സിബി..എസ് ഇ/ ഐ.സി.എസ് ഇ/ ഇന്റർനാഷണൽ വിഭാഗത്തിൽ 1501 സ്കൂളുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.
അംഗീകാരം ഇല്ലാത്ത 1585 സ്കൂളുകൾ ഉണ്ട്.
അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് എൻ.ഒ.സി/ അംഗീകാരം നൽകുന്നതിനായിട്ടുള്ള അപേക്ഷകൾ ലഭിക്കുകയും അതിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചും വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | സി.ബി. എസ്.ഇ | ഐ.സി. എസ്.ഇ | കെ.വി | ജവഹർ നവോദയ .വിദ്യാലയ | ആകെ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 125 | 17 | 6 | 1 | 149 |
| 2 | കൊല്ലം | 109 | 18 | 1 | 1 | 129 |
| 3 | പത്തനംതിട്ട | 52 | 16 | 3 | 1 | 72 |
| 4 | ആലപ്പുഴ | 86 | 14 | 1 | 1 | 102 |
| 5 | കോട്ടയം | 109 | 18 | 2 | 1 | 130 |
| 6 | ഇടുക്കി | 52 | 4 | 1 | 1 | 58 |
| 7 | എറണാകുളം | 188 | 30 | 6 | 1 | 225 |
| 8 | തൃശ്ശൂർ | 108 | 20 | 2 | 1 | 131 |
| 9 | പാലക്കാട് | 77 | 5 | 3 | 1 | 86 |
| 10 | മലപ്പുറം | 123 | 3 | 1 | 1 | 128 |
| 11 | കോഴിക്കോട് | 88 | 5 | 2 | 1 | 96 |
| 12 | വയനാട് | 27 | 4 | 1 | 1 | 33 |
| 13 | കണ്ണൂർ | 97 | 4 | 6 | 1 | 108 |
| 14 | കാസർഗോഡ് | 46 | 4 | 3 | 1 | 54 |
|  | **ആകെ** | 1287 | 162 | 38 | 14 | 1501 |